സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മെയ് 10 ബുധൻ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

# കൊട്ടാരക്കരയിൽ യുവ ഡോക്ടർക്ക് ദാരുണാന്ത്യം

## വൈദ്യ പരിശോധനക്കായി താലൂക്ക് ആശുപത്രിയിലെത്തിച്ച അധ്യാപകന്റെ കുത്തേറ്റ് വനിതാ ഡോക്ടർ കൊല്ലപ്പെട്ടു

കൊല്ലം: കൊട്ടാക്കര താലൂക്ക് ആശുപത്രിയിലെ ഹൗസ് സർജൻ കോട്ടയം മുട്ടുചിറ സ്വദേശിനി ഡോ. വന്ദനാ ദാസ് (23) വൈദ്യപരിശോധനക്കെത്തിയ പ്രതിയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടു. ഇന്ന് പുലർച്ചെ നാലരയോടെയാണ് നാടിനെ വിറപ്പിച്ച സംഭവം അരങ്ങേറിയത്. പ്രതിയായ നെടുമ്പനയിലെ യു.പി സ്കൂൾ ആധ്യാപകൻ കുടവട്ടൂർ ശ്രീനിലയത്തിൽ എസ്. സന്ദീപിനെ(42) വൈദ്യപരിശോധനയ്ക്കായി എത്തിച്ചപ്പോഴാണ് ആക്രമണം നടത്തിയത്.


കെല്ലപ്പെട്ട ഡോ. വന്ദനാദാസ്

സർജിക്കൽ ഉപകരണങ്ങളുപയോഗിച്ചുള്ള ആക്രമണത്തിൽ ഗുരുതരമായി പരുക്കേറ്റ ഡോക്ടറെ തിരുവനന്തപുരത്തേക്ക് എത്തിച്ചതെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ആശുപത്രിയിലെ ഹോംഗാർഡ് അലക്സ് കുട്ടി, കൊട്ടാരക്കര പോലിസ് സ്റ്റേഷനിലെ എസ്.ഐ മണിലാൽ എന്നിവർക്കും കുത്തേറ്റു. പ്രതിയെ പിന്നീട് പോലിസ് അറസ്റ്റ് ചെയ്തു. ഇയാളെ പരുക്കുകളോടെ ഗവ.മെഡിക്കൽ കേളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കോട്ടയം മുട്ടുചിറയിൽ വ്യാപാരിയായ കെ.ജി. മോഹൻദാസിന്റേയും വസന്തകുമാരിയുടേയും ഏകമകളാണ് കൊല്ലപ്പെട്ട വന്ദന. സംസ്ഥാനത്തെ നടുക്കിയ കൊലപാതകത്തെ തുടർന്ന് എല്ലാ ജില്ലകളിലും ഡോക്ടർമാർ പണിമുടക്കി. സംഭവത്തിൽ പോലിസിന് ഗുരുതര വീഴ്ച പറ്റിയിട്ടുണ്ടെന്ന ആരോപണം ശക്തമാണ്.

## സമഗ്രമായ അന്വേഷണം നടത്തും: മുഖ്യമന്ത്രി

തിരുവനന്തപുരം: കൊട്ടരക്കര താലൂക്ക് ആശുപത്രിയിൽ വൈദ്യപരിശോധനക്കായി എത്തിയ പ്രതിയുടെ ആക്രമണത്തിൽ ഡോ.വന്ദനാദാസ് കൊല്ലപ്പട്ട സംഭവത്തിൽ സമഗ്രമായ അന്വേഷണം നടത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ജോലി ചെയ്യുന്നതിനിടെ ഡോക്ടർമാർ ആക്രമിക്കപ്പെടുന്നത് ഗൗരവത്തോടെയാണ് കാണുന്നത്. ഇത്തരം കാര്യങ്ങൾ അംഗീകരിക്കാനാവില്ല.


ഡോ.വന്ദനാദാസിന്റെ പിതാവിനെ ആശ്വസിപ്പിക്കുന്ന മുഖ്യമന്ത്രി

ആക്രമണം ഭയപ്പെടുത്തുന്നത് വേദനാജനകവുമാണെന്നും ഡോ.വന്ദനാദാസിന്റെ കുടുംബത്തിന്റേയും സഹപ്രവർത്തകരുടേയും ദുഃഖത്തിൽ പങ്കുചേരുന്നതായും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. ഡോക്ടറുടെ മൃതദേഹം സൂക്ഷിച്ചിരിക്കുന്ന കിംസ് ആശുപത്രിയിലെത്തി മുഖ്യമന്ത്രിയും ഗവർണറും ഡോക്ടറുടെ മാതാപിതാക്കളെ കാണുകയും ആശ്വസിപ്പിക്കുകയും ചെയ്തു.


**ക്രൂരതയുടെ മുഖം...** പ്രതി എസ്. സന്ദീപിനെ പോലിസ് പിടികൂടിയപ്പോൾ

## പോലിസിന്റെ കൈയ്യിൽ തോക്കുണ്ടായിരുന്നില്ലേ? രൂക്ഷ വിമർശനവുമായി ഹൈക്കോടതി

കൊച്ചി: ഡോക്ടർ വന്ദന ദാസ് കൊല്ലപ്പെട്ട സംഭവത്തിൽ പോലിസിനെതിരേ അതിരൂക്ഷ വിമർശനവുമായി ഹൈക്കോടതി. രാജ്യത്ത് മറ്റൊരിടത്തും ഉണ്ടാകാത്ത സംഭവങ്ങളാണ് അരങ്ങേറിയതെന്ന് പറഞ്ഞ കോടതി ഡോക്ടർമാരെ സംരക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിൽ ആശുപത്രികൾ അടച്ചു പൂട്ടുവെന്നും പറഞ്ഞു. ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കേണ്ട പ്രാഥമിക ചുമതല പോലിസിനില്ലേ?സംഭവം നടക്കുന്ന സമയത്ത് പോലിസിന്റെ കൈയ്യിൽ തോക്കുണ്ടായിരുന്നില്ലേയെന്നും എന്തിനാണ് പോലിസിന് തോക്കെന്നും കോടതി ചോദിച്ചു. ജസ്റ്റിസുമാരായ ദേവൻ രാമചന്ദ്രനും കൗസർ എടപ്പഗത്തും അടങ്ങിയ ബെഞ്ച് പ്രത്യേക സിറ്റിങ്ങിൽ വിഷയം അവതരിപ്പിക്കേയാണ് വിമർശനം ഉന്നയിച്ചത്. എങ്ങനെ സുരക്ഷ ഒരുക്കണമെന്നത് പറഞ്ഞുതരേണ്ടത് കോടതിയല്ല. ചെറുക്കാനല്ലേ സുരക്ഷാ സംവിധാനങ്ങളെന്ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ചോദിച്ചു. ഡോക്ടറുടെ അരികെ പ്രതിയെ ഒറ്റയ്ക്ക് നിർത്തമെന്ന സർക്കാർ ഉത്തരവ് നീതീകരിക്കാനാവില്ല. സംസ്ഥാന പോലിസ് മേധാവി അനിൽകാന്തിനോട് നാളെ ഓൺലൈനായി കോടതിയിൽ ഹാജരാകാൻ ഹൈക്കോടതി ആവശ്യപ്പെട്ടു. ഡോക്ടർ വന്ദനയ്ക്കെതിരേ ആക്രമണം നടന്ന സ്ഥലത്തെ സി.സി.ടി.വി ദൃശ്യങ്ങൾ സംരക്ഷിക്കണം. സ്ഥലം മജിസ്ട്രേറ്റ് താലൂക്കാശുപത്രി സന്ദർശിച്ച് സംഭവങ്ങളും സാഹചര്യങ്ങളും സംബന്ധിച്ച് നാളെ രാവിലെ റിപ്പോർട്ട് നൽകണം. ഇക്കാര്യം ആശുപത്രി സൂപ്രണ്ട് ഉറപ്പാക്കണമെന്നും ഇടക്കാല ഉത്തരവിട്ടു. പ്രതികളെ മജിസ്ട്രേറ്റുമാർക്ക് മുന്നിൽ ഹാജരാക്കുമ്പോഴുള്ള അതേ സുരക്ഷാ ക്രമീകരണങ്ങൾ ഡോക്ടർമാരുടെ മുന്നിൽ ഹാജരാക്കുമ്പോഴും വേണമെന്ന് കോടതി ആവശ്യപ്പെട്ടു. നാളെ രാവിലെ 10ന് കേസ് കോടതി വീണ്ടും പരിഗണിക്കും.




## ഡോക്ടർ വന്ദനക്ക് അനുഭവസമ്പത്തില്ല, ആക്രമണം നടന്നപ്പോൾ ഭയപ്പെട്ടു; വിവാദമായി ആരോഗ്യമന്ത്രിയുടെ പ്രസ്താവന

തിരുവനന്തപുരം: ഡോ.വന്ദനദാസിന് അനുഭവ സമ്പത്തില്ലെന്നും പ്രതി ആക്രമിക്കാനെത്തിയപ്പോൾ ഭയപ്പെട്ടെന്നുമുള്ള ആരോഗ്യ മന്ത്രി വീണജോർജിന്റെ പ്രസ്താവനക്കെതിരേ വിമർശനം ശക്തമാകുന്നു. 'വന്ദനാദാസ് ഒരു ഹൗസ് സർജനാണ് അത്ര എക്സിപരീയൻസ്ഡ് അല്ല. ആക്രമണം ഉണ്ടായപ്പോൾ ഭയന്നിട്ടുണ്ടെന്നാണ് ഡോക്ടർമാർ പറയുന്നത്' എന്നാണ് അവർ മാധ്യമപ്രവർത്തകരോട് പ്രതികരിക്കവേ പറഞ്ഞത്. ഇതിനെതിരേ പ്രതിപക്ഷ നേതാവ് വി.ഡി സതീശനും ഗണേശ്കുമാർ എം.എൽ.എയും രംഗത്തെത്തി. എല്ലാ ഡോക്ടർമാരും കരാട്ടെ പഠിക്കട്ടെ എന്നായിരിക്കും ഇനി ആരോഗ്യമന്ത്രി പറയുകയെന്ന് സതീശൻ പറഞ്ഞു. ലഹരിക്കടിമയായ ഒരാൾ ആക്രമിച്ചാൽ എങ്ങനെ തടയുമെന്ന് ഗണേശ്കുമാർ ചോദിച്ചു.



പ്രതി ഡോക്ടറെ കീഴ്പ്പെടുത്തിയതിന് ശേഷം പുറത്ത് കയറിയിരുന്ന് നിരവധി തവണ കുത്തിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മന്ത്രിയുടെ പരാമർശത്തിനെതിരേ ഡോക്ടർമാരും രംഗത്തെത്തി. അതേസമയം തന്റെ വാക്കുകൾ വളച്ചൊടിച്ച് വിവാദമാക്കാൻ ശ്രമിക്കുന്നുവെന്ന് ആരോഗ്യമന്ത്രി വീണ ജോർജ് പ്രതികരിച്ചു. ആരോഗ്യപ്രവർത്തകർ പറഞ്ഞ കാര്യങ്ങളാണ് താൻ പറഞ്ഞത്. ദുരന്തത്തെക്കുറിച്ച് ഇത്ര ഇൻസെൻസിറ്റീവായി പ്രതികരിക്കുന്ന ആളല്ല താനെന്ന് തന്നെ അറിയുന്നവർക്ക് അറിയാമെന്ന് മന്ത്രി പുറത്തിറക്കിയ വിശദീകരണകുറിപ്പിൽ പറയുന്നു.


കർണാടക നിയസഭാ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനെത്തിയവർ

## കർണാടകയിൽ ഭേദപ്പെട്ട പോളിംഗ് ; പ്രതീക്ഷകളുമായി പ്രമുഖ പാർട്ടികൾ

ബംഗളൂരു: കർണാടക നിയമസഭയിലേക്കുള്ള വോട്ടെടുപ്പ് പുരോഗമിക്കുന്നു. ഉച്ചവരെ നാൽപ്പത് ശതമാനത്തോളം പോളിംഗ് രേഖപ്പെടുത്തി. അഞ്ചരക്കോടിയോളം വോട്ടർമാർ വിധിയെഴുതുന്ന സംസ്ഥാനത്ത് വലിയ പ്രതീക്ഷയിലാണ് കോൺഗ്രസും ബി.ജെ.പിയും ഒപ്പം ജെ.ഡി.എസും. പൂജകൾക്ക് ശേഷമായിരുന്നു മുഖ്യമന്ത്രി ബസവരാജ് ബൊമ്മൈയും കർണാടക പി.സി.സി അധ്യക്ഷൻ ഡി.കെ ശിവകുമാറും അടക്കമുള്ള പ്രമുഖ നേതാക്കളെല്ലാം വോട്ട് ചെയ്യാനെത്തിയത്. കർണാടക പി.സി.സി അധ്യക്ഷൻ ഡി.കെ ശിവകുമാറും മന്ത്രി ആർ.അശോകയും മത്സരിക്കുന്ന കനകപുരയിലാണ് ഉച്ചവരെ ഏറ്റവും കൂടുതൽ പോളിംഗ് രേഖപ്പെടുത്തിയത്. കർണാടകയിലെ ഏറ്റവും വലിയ താലൂക്കായ കൊല്ലെഗലിലാണ് ഏറ്റവും കുറവ് പോളിംഗ്. വാശിയേറിയ പോരാട്ടം നടക്കുന്ന ഉത്തര കർണാടകയിലെ പല മണ്ഡലങ്ങളിലും ദക്ഷിണ കന്നഡ ജില്ലയിലും മികച്ച പോളിംഗാണ് രേഖപ്പെടുത്തുന്നത്. നഗര മേഖലകളിൽ സാമാന്യം ഭേദപ്പെട്ട പോളിംഗ് ഉണ്ട്. ബെംഗളൂരു സൗത്ത് മേഖലകളിലെ മണ്ഡലങ്ങളിലാണ് ഏറ്റവും കൂടുതൽ പോളിംഗ്. കഴിഞ്ഞ വർഷം വെറും 55% പോളിംഗ് മാത്രമാണ് ബംഗളൂരു നഗരത്തിൽ രേഖപ്പെടുത്തിയത്. ഇന്ന് വൈകിട്ട് ആറരയ്ക്ക് ശേഷമാണ് എക്സിറ്റ് പോൾ പ്രവചനങ്ങൾ പുറത്തുവരിക.

## ആര്യൻഖാനെതിരായ മയക്കുമരുന്ന് കേസ്; അന്വേഷണ ഉദ്യോഗസ്ഥനെ സർവീസിൽ നിന്ന് നീക്കി

മുംബൈ: ആഡംബര കപ്പലിൽ ലഹരി വസ്തുക്കളുമായി കണ്ടെത്തിയെന്ന ആരോപണത്തിൽ പ്രശസ്ത നടൻ ഷാരൂഖ് ഖാന്റെ മകൻ ആര്യൻ ഖാനെതിരായ കേസ് അന്വേഷിച്ച എൻ.സി.ബി ഉദ്യോഗസ്ഥനെ സർവീസിൽ നിന്ന് നീക്കി. നാർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ രജിസ്റ്റർ ചെയ്ത കേസ് ആദ്യം അന്വേഷിച്ച ഉദ്യോഗസ്ഥനെയാണ് സർവീസിൽ നിന്ന് നീക്കിയത്. എൻ.സി.ബിയുടെ മുംബൈ ഓഫീസിലെ സൂപ്രണ്ടായ വിശ്വ വിജയ് സിംഗ് എന്ന ഉദ്യോഗസ്ഥനെയാണ് എൻ.സി.ബി അന്വേഷണത്തിന് പിന്നാലെ നീക്കിയത്. ആര്യൻ ഖാന് ക്ലീൻ ചിറ്റ് ലഭിച്ചതിന് പിന്നാലെ എൻ.സി.ബി ഇയാളെ സസ്പെൻഡ് ചെയ്തിരുന്നു. അന്വേഷണത്തിന് പിന്നിലെ അഴിമതി ആരോപണങ്ങൾ അടക്കമുള്ളവ അന്വേഷിക്കാൻ മറ്റൊരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. സസ്പെൻഷനിൽ തന്നെ തുടരുകയായിരുന്ന വിശ്വ വിജയ് സിംഗിനെതിരെ 2019 മുതൽ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് പുറത്ത് വന്നതിന് പിന്നാലെയാണ് ഇയാളെ സർവീസിൽ നിന്ന് നീക്കിയത്.


ആഡംബര കപ്പലിൽ ലഹരി വസ്തുക്കൾ കണ്ടെത്തിയെന്ന കേസിൽ ആര്യൻഖാനെ എൻ.സി.ബി അറസ്റ്റ് ചെയതപ്പോൾ (ഫയൽ ചിത്രം)

മുതിർന്ന ഉദ്യോഗസ്ഥരുടെ അനുമതിയില്ലാതെ സിംഗപ്പൂരിലേക്ക് പോയ മറ്റൊരു ഇന്റലിജന്റ്സ് ഉദ്യോഗസ്ഥനായ വിശ്വനാഥ് തിവാരിയെയും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ലഹരിമരുന്ന് കേസിൽ പ്രതി ചേർക്കപ്പെട്ട ആര്യൻ ഖാനും മറ്റ് അഞ്ച് പേർക്കുമെതിരേ തെളിവില്ലെന്ന് കോടതി കണ്ടെത്തിയിരുന്നു. ലഹരി മരുന്ന് പിടികൂടുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ കൃത്യമായി ഉദ്യോഗസ്ഥർ കൃത്യമായി പാലിച്ചില്ലെന്ന് റിപ്പോർട്ടിലുണ്ട്. പ്രതികളോട് ഉദ്യോഗസ്ഥർ പ്രത്യേകം സമീപനം സ്വീകരിച്ചെന്നും എൻ.സി.ബിയുടെ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.



മധ്യപ്രദേശിലെ ഖാർഗോണിലെ പാലത്തിൽ നിന്ന് താഴേക്ക് മറിഞ്ഞ ബസിൽനിന്ന് കുടുങ്ങിക്കിടക്കുന്ന യാത്രക്കാർക്കുവേണ്ടി രക്ഷാപ്രവർത്തനം നടത്തുന്ന പ്രദേശവാസികൾ

# മധ്യപ്രദേശിൽ പാലത്തിൽ നിന്ന് ബസ് താഴേക്ക് മറിഞ്ഞു; 22 പേർ മരിച്ചു

ഭോപ്പാൽ: മധ്യപ്രദേശിൽ പാലത്തിൽ നിന്ന് ബസ് താഴേക്ക് മറിഞ്ഞ് 22 പേർ മരിച്ചു. മധ്യപ്രദേശിലെ ഖാർഗോണിലെ പാലത്തിന്മേലാണ് ബസ് മറിഞ്ഞത്. സംഭവത്തിൽ 50 പേർക്കാണ് പരുക്കേറ്റത്.

ഇൻഡോറിലേക്കുള്ള യാത്രക്കിടയിൽ ഖാർഗോണിലെ ദസംഗ പ്രദേശത്തുവച്ചായിരുന്നു അപകടം. പ്രദേശവാസികളുടെ സഹായത്തോടെ രക്ഷാപ്രവർത്തനങ്ങൾനടത്തിയതായി ആഭ്യന്തരമന്ത്രി നരോത്ത മിശ്ര പറഞ്ഞു. അപകടകാരണം കണ്ടെത്തുന്നതിനായുള്ള അന്വേഷണം നടക്കുകയാണെന്ന് പോലിസ് അറിയിച്ചു. അപകടത്തിൽ മരിച്ചവരുടെ കുടുംബത്തിന് നാല് ലക്ഷം രൂപയും ഗുരുതരമായി പരുക്കേറ്റവർക്ക് 50,000 രൂപ വീതവും നിസാര പരുക്കേറ്റവർക്ക് 25,000 രൂപ വീതവും നഷ്ടപരിഹാരം നൽകുമെന്ന് മധ്യപ്രദേശ് മുഖ്യമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ അറിയിച്ചു. കൂടാതെ പരുക്കേറ്റവരുടെ മുഴുവൻ ചികിത്സ ചിലവും സർക്കാർ വഹിക്കും. മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം നഷ്ടപരിഹാരം നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയും അറിയിച്ചു.

## കെട്ടിട നിർമാണ പെർമിറ്റ് ഫീസ് വർധന: ഇളവ് അനുവദിക്കും: സി.പി.എം

തിരുവനന്തപുരം: കെട്ടിട നിർമാണ പെർമിറ്റിന് ഏർപ്പെടുത്തിയ ഫീസ് വർധനയിൽ സർക്കാർ ഇളവ് അനുവദിക്കും. ജനരോഷം കണക്കിലെടുത്ത് തീരുമാനം പുനഃപരിശോധിക്കണമെന്ന സി.പി.എം പാർട്ടി നേതൃയോഗത്തിന്റെ അഭിപ്രായം കൂടി കണക്കിലെടുത്താണ് നീക്കം. കെട്ടിട നിർമാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തി സർക്കാർ പ്രഖ്യാപിച്ച നികുതി വർധനക്കെതിരേ വൻ പ്രതിഷേധമാണ് ഉയരുന്നത്. ജനങ്ങളെ നേരിട്ട് ബാധിക്കുന്ന വിഷയത്തിൽ ജനരോഷം കണക്കിലെടുക്കാതെ മുന്നോട്ട് പോകാനാകില്ല. നിരക്ക് വർധന പരിശോധിക്കുമെന്ന് സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദനും വ്യക്തമാക്കി. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങൾ അടങ്ങിയ സബ് കമ്മറ്റിയുടെ കൂടി നിർദേശങ്ങൾ പരിഗണിച്ചാകും പുനഃപരിശോധന. സ്ലാബിലെ ഏറ്റവും കുറഞ്ഞ നിരക്ക് ഈടാക്കിയാൽ മതിയെന്നാണ് ഭരണത്തിലിരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളോട് കോൺഗ്രസ് നിർദേശിച്ചിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങളുടെ തനത് വരുമാനം കൂട്ടാൻ ലക്ഷ്യമിട്ട് നടപ്പാക്കിയ തീരുമാനത്തിൽ നിന്ന് പിന്നോട്ടില്ലെന്ന സർക്കാർ നിലപാട് പുനഃപരിശോധിക്കണമെന്നാണ് ആവശ്യം ശക്തമാണ്.

## കർണാടക നിയമസഭാ തെരഞ്ഞെടുപ്പ്: ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിയന്ത്രണം

മൈസൂരു: വിധിയെഴുത്തു ദിവസമായ ഇന്ന് കർണാടകയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിയന്ത്രണങ്ങളേർപ്പെടുത്തുമെന്ന് കർണാടക സ്റ്റേറ്റ് ടൂറിസം ഡെവലപ്മെന്റ് കോർപറേഷൻ അറിയിച്ചു. മൈസൂരു മൃഗശാലയും മറ്റ് വിനോദ സഞ്ചാര കേന്ദ്രങ്ങളും പതിവുപോലെ തുറന്നു പ്രവർത്തിക്കും. ജീവനക്കാർക്ക് വോട്ടു രേഖപ്പെടുത്തുന്നതിനും പൗരന്മാരെ വോട്ടു ചെയ്യാൻ പ്രേരിപ്പിക്കുന്നതിനുമായാണ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത്. മാണ്ഡ്യ ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ വോട്ടു ചെയ്ത തെളിവ് ഹാജരാക്കിയാൽ മാത്രമേ കർണാടക സ്വദേശികളായവരെ പ്രവേശിപ്പിക്കുകയുള്ളൂ എന്ന് മാണ്ഡ്യ ഡെപ്യൂട്ടി കമ്മീഷണർ അറിയിച്ചു. മഷി പുരണ്ട വിരൽ കാണിച്ചില്ലെങ്കിൽ കർണാടകക്കാരെ പ്രവേശിപ്പിക്കില്ല. കൃഷ്ണരാജ സാഗർ, ബൃന്ദാവൻ ഗാർഡൻ, മുത്തത്തി, ശിവനസമുദ്ര വെള്ളച്ചാട്ടം, രംഗനത്തിട്ട് പക്ഷിസങ്കേതം, ബാലമുരി, ദരിയ ദൗലത്ത് പാലസ് എന്നിവിടങ്ങളിലാണ് നിയന്ത്രണം. കുടക് ജില്ലാ ഭരണകൂടവും സമാനതീരുമാനം എടുത്തിട്ടുണ്ട്.

## 'പുനഃസംഘടന പൂർത്തിയായില്ലെങ്കിൽ കെ.പി.സി.സി പ്രസിഡന്റായി തുടരില്ല': തുറന്നടിച്ച് കെ. സുധാകരൻ



വയനാട്: പാർട്ടിയിൽ പുനഃസംഘടന പൂർത്തിയാക്കാനായില്ലെങ്കിൽ താൻ കെ.പി.സി.സി പ്രസിഡന്റ് സ്ഥാനത്ത് തുടരില്ലെന്ന് കെ. സുധാകരൻ. രാഷ്ട്രീയ നയരൂപീകരണ ചർച്ചകൾക്കായി വയനാട്ടിൽ ചേർന്ന കെ.പി.സി.സി ലീഡേഴ്സ് മീറ്റിൽ വച്ചാണ് സുധാകരൻ ഇക്കാര്യം പറഞ്ഞത്. കെ.പി.സി.സിയെ പ്രതീക്ഷക്കൊത്ത് മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നില്ല. പാർട്ടി പുനഃസംഘടനയോട് ചില നേതാക്കൾ സഹകരിക്കുന്നില്ലെന്നും ലീഡേഴ്സ് മീറ്റിൽ അദ്ദേഹം പറഞ്ഞു.

പോഷക സംഘടനകളുടെ ഭാരവാഹികളെ നിശ്ചയിക്കുന്നത് അറിയിക്കുന്നില്ലെന്നും സുധാകരൻ കുറ്റപ്പെടുത്തി. മത്സ്യത്തൊഴിലാളി ഫെഡറേഷൻ പ്രസിഡന്റ് ആരാണെന്ന് ടി.എൻ പ്രതാപനോട് കെ.സുധാകരൻ ചോദിച്ചു. വയനാട്ടിൽ ആരംഭിച്ച കെ.പി.സി.സി ലീഡേഴ്സ് മീറ്റിൽ കെ.പി.സി.സി ഭാരവാഹികൾ, എം.പിമാർ എം.എൽ.എമാർ, രാഷ്ട്രീയ കാര്യസമിതി അംഗങ്ങൾ, ഡി.സി.സി പ്രസിഡന്റുമാർ എന്നിവരാണ് പങ്കെടുക്കുന്നത്. വരാനിരിക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിന് പാർട്ടിയെ ശക്തിപ്പെടുത്തലാണ് മുഖ്യ അജണ്ട. പിണറായി സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നടത്തേണ്ട പ്രതിഷേധ പരിപാടികൾക്കും ലീഡേഴ്സ് മീറ്റ് രൂപം നൽകും. ലീഡേഴ്സ് മീറ്റിൽ കെ. സുധാകരൻ സംഘടനാ രേഖ അവതരിപ്പിച്ചു. അമേരിക്കയിൽ ചികിത്സയിലായതിനാൽ ശശി തരൂർ ലീഡേസ് മീറ്റിൽ പങ്കെടുക്കുത്തില്ല. എത്താൻ കഴിയില്ലെന്ന് നേതൃത്വത്തെ രേഖമൂലം അറിയിച്ചിട്ടുണ്ട്.

## അയൽ സംസ്ഥാനത്തെ തെരഞ്ഞെടുപ്പിന് അവധി പ്രഖ്യാപിച്ച് ഗോവ

ബെംഗളൂരു: കർണാടകയിൽ ഇന്ന് നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിന് സ്വകാര്യ മേഖലയിലടക്കം പെയ്ഡ് ഹോളിഡേ പ്രഖ്യാപിച്ച് ഗോവ സർക്കാർ. അയൽ സംസ്ഥാനത്തെ തെരഞ്ഞെടുപ്പിന് അവധി പ്രഖ്യാപിച്ച സർക്കാർ തീരുമാനത്തിനെതിരേ ഗോവയിലെ പ്രതിപക്ഷവും വ്യവസായ സംഘടനകളും രംഗത്തെത്തി. എന്നാൽ പ്രതിപക്ഷ എതിർപ്പിനെ തുടർന്ന് തീരുമാനം മാറ്റില്ലെന്ന് മുഖ്യമന്ത്രി പ്രമോദ് സാവന്ത് പറഞ്ഞു. ഗോവൻ തെരഞ്ഞെടുപ്പ് ദിനം കർണാടകയിലും അവധി നൽകിയിരുന്നെന്ന് മുഖ്യമന്ത്രി പ്രമോദ് സാവന്ത് പറഞ്ഞു. സർക്കാരിന്റെ തീരുമാനം വിഡ്ഢിത്തമാണെന്നും കർണാടകയിൽ തെരഞ്ഞെടുപ്പ് നടക്കുന്നതിന് എന്തിനാണ് ഗോവയിൽ അവധി നൽകുന്നതെന്നും പ്രതിപക്ഷമായ കോൺഗ്രസും ആംആദ്മി പാർട്ടിയും പറഞ്ഞു. സർക്കാരിന്റെ തീരുമാനത്തിനെതിരേ നിയമപരമായി നീങ്ങാനാണ് ഇൻഡസ്ട്രീസ് അസോസിയേഷന്റെ തീരുമാനം.

## താനൂർ ബോട്ടപകടം; മാരി ടൈം ബോർഡ് റിപ്പോർട്ട് സമർപ്പിച്ചു

കൊച്ചി: താനൂരിൽ 22 പേരുടെ ജീവൻ നഷ്ടപ്പെടുത്തിയ ബോട്ടപകടം സംബന്ധിച്ചുള്ള മാരി ടൈം ബോർഡ് പ്രാഥമിക അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. ബോട്ടിൽ ഉൾക്കൊള്ളാൻ കഴിയുന്നതിലും കൂടുതൽ ആളുകളെ കയറ്റിയതാണ് അപകടത്തിന് കാരണമെന്ന് റിപ്പോർട്ടിൽ പറയുന്നു. തുറമുഖ വകുപ്പാണ് റിപ്പോർട്ട് തയ്യാറാക്കിയത്. അതേ സമയം ബോട്ടിന് രൂപമാറ്റം വരുത്തിയതും അപകടത്തിന് കാരണമായി എന്നും കണ്ടെത്തലുണ്ട്. ഓരോ ജലാശയത്തിലും ഉപയോഗിക്കേണ്ട യാനങ്ങൾക്ക് കൃത്യമായ മാനദണ്ഡങ്ങൾ ഉണ്ട്. അത് പാലിക്കാൻ അപകടത്തിലായ ബോട്ടിന് കഴിഞ്ഞിട്ടില്ല എന്നാണ് മറ്റൊരു വിലയിരുത്തൽ. കുസാറ്റിലെ ഷിപ്പ് ടെക്നോളജി വിഭാഗമാണ് ഇക്കാര്യം അഭിപ്രായപ്പെട്ടത്.

## ദി കേരള സ്റ്റോറിയുടെ പ്രദർശന വിവാദം സുപ്രീം കോടതിയിലേക്ക്

കൊൽക്കത്ത: വിവാദ സിനിമ ദി കേരള സ്റ്റോറിയുടെ പ്രദർശനം സംബന്ധിച്ച വിവാദം സുപ്രീം കോടതിയിലേക്ക്. തിങ്കളാഴ്ച പശ്ചിമബംഗാളിൽ ചിത്രം പ്രദർശിപ്പിക്കുന്നത് മുഖ്യമന്ത്രി മമതാ ബാനർജി വിലക്കിയതിനെതിരേയാണ് ചിത്രത്തിന്റെ അണിയറ പ്രവർത്തകർ സുപ്രീം കോടതിയെ സമീപിക്കാനൊരുങ്ങുന്നത്. തമിഴ്നാട്ടിൽ ചിത്രം പ്രദർശിപ്പിക്കുന്ന തിയേറ്ററുകൾക്ക് സംരക്ഷണം നൽകണമെന്നും നിർമാതാക്കൾ അപേക്ഷയിൽ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ദി കേരള സ്റ്റോറി പശ്ചിമബംഗാളിൽ വിലക്കിയതിനെ കുറിച്ച് മുഖ്യമന്ത്രി മമതാ ബാനർജി വിശദീകരണം നൽകിയിരുന്നു. സംസ്ഥാനത്തെ സമാധാനാന്തരീക്ഷം പാലിക്കുന്നതിന് വേണ്ടിയാണ് തീരുമാനമെന്നാണ് വിലക്ക് സംബന്ധിയായ തീരുമാനത്തേക്കുറിച്ച് മമത പ്രതികരിച്ചത്.

# ദുരന്തം കണ്ട് കണ്ണടച്ചിരിക്കാനാകില്ല

## താനൂർ ബോട്ട് അപകടത്തിൽ സ്വമേധയാ കേസെടുത്ത് ഹൈക്കോടതി



കൊച്ചി: താനൂരിലുണ്ടായ ബോട്ട് അപകടത്തിൽ സ്വമേധയാ കേസെടുത്ത് ഹൈക്കോടതി. സംഭവത്തിൽ കേസെടുക്കാൻ രജിസ്ട്രാർക്ക് കോടതി നിർദേശം നൽകി. ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഉൾപ്പെട്ട ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്. ഇത്തരം സംഭവങ്ങൾ കേരളത്തിൽ ആദ്യമല്ല. ദുരന്തം കണ്ട് കണ്ണടച്ചിരിക്കാനാകില്ലെന്ന് കോടതി പറഞ്ഞു. സംഭവം ഏറെ വേദനിപ്പിക്കുന്നതാണ്. ബോട്ട് ഓപ്പറേറ്റർമാർ മാത്രമല്ല സംഭവത്തിന് ഉത്തരവാദി. സർവീസ് നടത്താൻ ഇയാൾക്ക് സഹായം കിട്ടിയിട്ടുണ്ടാകുമെന്ന് നിരീക്ഷിച്ച കോടതി സംഭവത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയെന്നും ചോദിച്ചു. ചീഫ് സെക്രട്ടറിയും നഗരസഭയും ജില്ലാ പോലിസ് മേധാവിയും കലക്ടറും പോർട്ട് ഓഫീസറും എതിർ കക്ഷികളാകും. ജില്ലാ കലക്ടർ പ്രാഥമിക റിപ്പോർട്ട് ഈ മാസം 12നകം നൽകണമെന്നും കോടതി നിർദേശിച്ചു. നിയമത്തെ ഭയപ്പെടുന്ന സാഹചര്യമുണ്ടാകണമെന്നും കോടതി ചൂണ്ടിക്കാട്ടി. 'കുട്ടികളടക്കം 22 പേർ മരിച്ച സംഭവം കണ്ട് കണ്ണടച്ചിരിക്കാനാകില്ല. ഇത്തരം സംഭവങ്ങൾ കേരളത്തിൽ ആദ്യമല്ല. നിരവധി അന്വേഷണങ്ങളും കണ്ടെത്തലുകളും പരിഹാര നിർദേശങ്ങളും മുമ്പും ഉണ്ടായിട്ടുണ്ട്. പക്ഷെ എല്ലാവരും എല്ലാം മറക്കുകയാണ്', കോടതി പറഞ്ഞു. കുറേ വർഷങ്ങൾക്കുശേഷം സമാന സംഭവം ആവർത്തിക്കപ്പെടുന്നെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ വിമർശിച്ചു. കേരളത്തെ നടുക്കിയ താനൂർ ബോട്ടപകടത്തിൽ 22 പേരാണ് മരിച്ചത്. മരിച്ചവരിൽ 15 പേരും കുട്ടികളാണ്. അഞ്ച് സ്ത്രീകളും രണ്ട് പുരുഷന്മാർക്കും ദുരന്തത്തിൽ ജീവൻ നഷ്ടമായി. മരിച്ചവരിൽ 11 പേർ പരപ്പനങ്ങാടിയിലെ ഒരു കുടുംബത്തിലെ അംഗങ്ങളാണ്. അപകടത്തിൽ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ച മുഖ്യമന്ത്രി, മരിച്ചവരുടെ കുടുംബങ്ങൾക്ക് പത്ത് ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

## യു.എൻ.എ സാമ്പത്തിക തട്ടിപ്പ് കേസ്: ആറ് പേർക്കെതിരേ ക്രൈംബ്രാഞ്ച് കുറ്റപത്രം സമർപ്പിച്ചു



ജാസ്മിൻ ഷാ

തിരുവനന്തപുരം: സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി നഴ്സുമാരുടെ സംഘടനായ യുണൈറ്റഡ് നഴ്സസ് അസോസിയേഷനുമായി ബന്ധപ്പെട്ട സാമ്പത്തിക തട്ടിപ്പ് കേസിൽ ക്രൈം ബ്രാഞ്ച് കുറ്റപത്രം നൽകി. സംഘടനാ പ്രവർത്തനത്തിന് വേണ്ടി പിരിച്ചതിൽ നിന്നും 1.80 കോടി രൂപ തട്ടിപ്പ് നടത്തിയെന്നാണ് ക്രൈം ബ്രാഞ്ച് കണ്ടെത്തൽ. മൂന്ന് കോടി രൂപയുടെ ആരോപണമാണ് ദേശീയ സംസ്ഥാന ഭാരവാഹികൾക്കെതിരേ ഉയർന്നത്. ക്രൈം ബ്രാഞ്ച് നടത്തിയ അന്വേഷണത്തിൽ തെളിവ് ലഭിച്ചത് 1.80 ലക്ഷം രൂപയുടെ തട്ടിപ്പിനാണ്. യു.എൻ.എ ദേശീയ പ്രസിഡന്റ് ജാസ്മിൻ ഷാ ഉൾപ്പെടെ ആറുപേർക്കെതിരേയാണ് കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്. നഴ്സുമാരിൽ നിന്ന് മാസവരിയായും നിയമപോരാട്ടത്തിനും പിരിച്ചെടുത്ത പണം സംഘടനാ ഭാരവാഹികൾ ഫ്ളാറ്റ് വാങ്ങാനും കാറ് വാങ്ങാനും വകമാറ്റി ചെലവാക്കിയെന്നാണ് കണ്ടെത്തൽ. സംഘടനയുടെ ദേശീയ പ്രസിഡന്റ് ജാസ്മിൻ ഷായുടെ ഭാര്യയുടെ പേരിലാണ് ഫ്ളാറ്റും കാറും വാങ്ങിയത്. ക്രമക്കേട് കണ്ടെത്താതിരിക്കാൻ ഓഫിസ് രേഖകളിൽ കൃത്രിമം നടത്തിയെന്നും ആശുപത്രി വാങ്ങാനെന്ന പേരിലും സംഘടനയുടെ പണം ഭാരവാഹികൾ സ്വന്തം കൈകളിലാക്കിയെന്ന് ക്രൈം ബ്രാഞ്ച് പറയുന്നു. കേസന്വേഷണത്തിന്റെ ഭാഗമായി പ്രതികളുടെ വീടുകളിൽ ക്രൈം ബ്രാഞ്ച് റെയ്ഡ് നടത്തിയിരുന്നു. പല ഘട്ടത്തിലും കേസ് അട്ടിമറിക്കാനുള്ള ശ്രമവും നടന്നതോടെ കോടതി ഇടപെലുണ്ടായി. അന്വേഷണ ഉദ്യോഗസ്ഥരേയും പല ഘട്ടത്തിൽ മാറ്റി. കേസെടുത്ത് അഞ്ചു വർഷത്തിനുശേഷമാണ് കുറ്റപത്രം സമർപ്പിച്ചത്.

## സെക്രട്ടേറിയറ്റിലെ തീപിടിത്തം: ബന്ധപ്പെട്ട ഏജൻസികൾ അന്വേഷിക്കും: മന്ത്രി പി.രാജീവ്



തിരുവനന്തപുരം: സെക്രട്ടേറിയേറ്റ് നോർത്ത് സാന്റ്വിച്ച് ബ്ലോക്കിലുണ്ടായ തീപിടിത്തം സംബന്ധിച്ച് ബന്ധപ്പെട്ട ഏജൻസികൾ അന്വേഷിക്കുമെന്ന് മന്ത്രി പി. രാജീവ്. മൂന്നാം നിലയിലുണ്ടായ തീപിടിത്തം പൂർണമായും അണക്കാൻ കഴിഞ്ഞതായും ഫയലുകൾ ഒന്നും നഷ്ടപ്പെട്ടിട്ടില്ലെന്നാണ് ലഭിക്കുന്ന വിവരമെന്നും മന്ത്രി പറഞ്ഞു. ഓഫീസിലുള്ളത് ഇ-ഫയലുകളാണ്. ക്യാമറ വിവാദമായി ബന്ധപ്പെട്ട ഫയലുകൾ ഒന്നും ഓഫിസിലെത്തിച്ചിട്ടില്ലെന്നും മന്ത്രി വിശദീകരിച്ചു. പി.രാജീവിന്റെ ഓഫിസിന് സമീപത്തുള്ള അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി വിനോദിന്റെ മുറിയാണ് കഴിഞ്ഞ ദിവസം പുലർച്ചെ നടന്ന തീപിടിത്തത്തിൽ കത്തിനശിച്ചത്. പതിനഞ്ച് മിനിട്ടനുള്ളിൽ ഫയർ ഫോഴ്സ് സംഘമെത്തി തീയണച്ചു. ഉന്നത പോലിസ് സംഘവും ജില്ലാ കലക്ടറും സ്ഥലത്തെത്തി. ഫയലുകളൊന്നും കത്തിനശിച്ചിട്ടില്ലെന്നാണ് പോലിസ് നൽകിയ വിശദീകരണം. ക്യാമറാ വിവാദം അന്വേഷിക്കുന്ന വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറിയെ സ്ഥലം മാറ്റിയതിൽ മന്ത്രി വിശദീകരണം നൽകി. ക്യാമറ വിവാദം സംബന്ധിച്ചുള്ള അന്വേഷണം പൂർത്തീകരിച്ചതിന് ശേഷമായിരിക്കും വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷ് ചുമതലയൊഴിയുകയെന്ന് മന്ത്രി അറിയിച്ചു. ഉടൻ റിപ്പോർട്ട് കിട്ടുമെന്നാണ് കരുതുന്നത്. കെൽട്രോണിലെ ആദായ നികുതി വകുപ്പ് പരിശോധനയെ കുറിച്ച് അവർ പറയട്ടേയെന്നായിരുന്നു മന്ത്രിയുടെ മറുപടി.

## ഒരേ യൂണിഫോം ഐക്യം വർധിപ്പിക്കും: നിർണായക മാറ്റവുമായി കരസേന



ന്യൂഡൽഹി: മുതിർന്ന ഉദ്യോഗസ്ഥർക്ക് ഒരേ യൂണിഫോം എന്നത് കരസേനയുടെ ഐക്യം വർധിപ്പിക്കുമെന്ന് നിരീക്ഷണം. ഇതിന്റെ ഭാഗമായി ബ്രിഗേഡിയർ മുതൽ മുകളിലേക്കുള്ള റാങ്കിലുള്ള ഉദ്യോഗാർഥികൾക്ക് ഒരേ യൂണിഫോമെന്ന് നിർണായക തീരുമാനവുമായി കരസേന. ഓഗസ്റ്റ് ഒന്ന് മുതൽ തീരുമാനം പ്രാബല്യത്തിൽ വരുമെന്ന് കരസേന വിശദമാക്കുന്നു.

ബ്രിഗേഡിയർ മുതലുള്ള റാങ്കിന് മുകളിൽ വരുന്ന മേജർ ജനറൽ, ലെഫ്. ജനറൽ, ജനറൽ പദവികളിൽ റെജിമെന്റ് വ്യത്യാസമില്ലാതെ തന്നെയാവും ഒറ്റ യൂണിഫോം നടപ്പിലാക്കുക. തൊപ്പി, റാങ്ക് ബാഡ്ജ്, കോളറുകളിലെ പാച്ച്, ബെൽറ്റ്, ഷൂസ് എന്നിവയിലടക്കം ഏകീകൃത രൂപം വരും. സേനയുടെ സ്വഭാവം കൂടുതൽ മെച്ചപ്പെടുത്താൻ സഹായിക്കുമെന്നാണ് നീക്കത്തെ കരസേന നിരീക്ഷിക്കുന്നതെന്നാണ് വിവരം. ഏപ്രിലിൽ നടന്ന സേനാ കമാൻഡേഴ്സിന്റെ കോൺഫറൻസിലാണ് ഇത് സംബന്ധിച്ച തീരുമാനം എടുത്തത്.

കേണൽ മുതൽ താഴേക്കുള്ള പദവികളിലുള്ളവരുടെ യൂണിഫോമിൽ മാറ്റമുണ്ടാവില്ലെന്നും കരസേനാ വൃത്തങ്ങൾ വിശദമാക്കുന്നു. വിവിധ റെജിമെന്റുകളിലെ വേറിട്ട യൂണിഫോമുകൾ എന്ന രീതി താഴ്ന്ന റാങ്കുകളിലെ ഉദ്യോഗസ്ഥർക്ക് ഉയർന്ന ഉദ്യോഗസ്ഥരോട് അടുപ്പമോ സാഹോദര്യം ഊട്ടിയുറപ്പിക്കാനോ സഹായിക്കില്ലെന്ന നിരീക്ഷണത്തോടെയാണ് മാറ്റം നടപ്പിലാക്കുന്നത്.

## മണിപ്പൂർ കലാപം: വെടിവെച്ചു കൊന്നവരുടെ കണക്കു പുറത്തുവിടണമെന്ന് മമതാ ബാനർജി



ഇംഫാൽ: മണിപ്പൂരിൽ പ്രബല വിഭാഗമായ മെയ്തേയിക്ക് ഗോത്രവർഗ ആനുകൂല്യങ്ങൾ നൽകിയതിനെ സംബന്ധിച്ചുണ്ടായ കലാപം മനുഷ്യനിർമിതമാണെന്ന് ആരോപിച്ച് പശ്ചിമബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി. കണ്ടാൽ വെടിവെച്ചുകൊല്ലാമെന്ന സർക്കാർ ഉത്തരവിന്റെ പിൻബലത്തിൽ എത്ര മനുഷ്യരെ വെടിവെച്ചു കൊന്നുവെന്ന് സർക്കാർ വ്യക്തമാക്കണമെന്നും മമത ആവശ്യപ്പെട്ടു. മണിപ്പൂരിലുണ്ടായ കലാപത്തിൽ 60 പേർ കൊല്ലപ്പെട്ടുവെന്നാണ് മണിപ്പൂർ മുഖ്യമന്ത്രി ബീരേൻ സിങ് അറിയിച്ചത്. 231 പേർക്ക് പരുക്കേറ്റു. 1700 വീടുകൾ അഗ്നിക്കിരയായി എന്നും ബീരേൻ സിങ് അറിയിച്ചു. എന്നാൽ വെടിവെപ്പിൽ എത്ര പേർ മരിച്ചുവെന്ന് സർക്കാർ കണക്കുകൾ വ്യക്തമാക്കുന്നില്ലെന്നാണ് മമതയുടെ ആരോപണം. പശ്ചിമ ബംഗാളിലായിരുന്നു ഇങ്ങനെ സംഭവിച്ചതെങ്കിൽ കേന്ദ്ര സർക്കാർ എന്തൊക്കെ ചെയ്യുമായിരുന്നു. ബംഗാൾ സന്ദർശിക്കുന്ന കേന്ദ്ര ആഭ്യന്തരമന്ത്രി മണിപ്പൂരിലേക്കാണ് പോകേണ്ടത്. മമത പറഞ്ഞു. അതേസമയം, മണിപ്പൂരിൽ ജനജീവിതം സാധാരണ നിലയിലേക്ക് മടങ്ങുകയാണ്. കർഫ്യൂവിൽ ഇളവ് പ്രഖ്യാപിച്ചതോടെ ജനങ്ങൾ അവശ്യസാധനങ്ങൾ വാങ്ങാൻ പുറത്തിറങ്ങി. കലാപം ആരംഭിച്ച ചുരാചന്ദ്പൂരിലും മറ്റു ഭാഗങ്ങളിലും വാഹനങ്ങൾ ഓടിത്തുടങ്ങുകയും പെട്രോൾ പമ്പുകളിലും മറ്റും തിരക്കനുഭവപ്പെടാനും തുടങ്ങിയിട്ടുണ്ട്. കലാപം നിയന്ത്രിക്കാൻ സൈന്യവും അർധസൈനിക വിഭാഗവും പോലിസും ഉൾപ്പെടെ പതിനായിരത്തോളം സുരക്ഷാസേനാംഗങ്ങളെ മണിപ്പൂരിൽ വിന്യസിച്ചിട്ടുണ്ട്. മണിപ്പൂരിന്റെ രാജ്യാന്തര അതിർത്തിയിലും സുരക്ഷ വർധിപ്പിച്ചിട്ടുണ്ട്.

## സ്കൂൾ പാചക തൊഴിലാളി സംഘടന, പ്രധാനമന്ത്രിക്ക് നിവേദനം നൽകി

ന്യൂഡൽഹി: വേതന പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്കും കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമേന്ദ്ര പ്രധാനും നേരിട്ട് നിവേദനമർപ്പിച്ച് കേരളത്തിലെ സ്കൂൾ പാചകതൊഴിലാളി സംഘടന. 250 കുട്ടികൾക്ക് ഒരു പാചകക്കാരൻ എന്ന നിലയ്ക്ക് ആക്കി അധ്വാനഭാരം കുറയ്ക്കുക, മിനിമം വേതനം 900 രൂപയാക്കുക, പ്രായപരിധി 70 വയസ്സാക്കുക, പിഞ്ഞുപോകുമ്പോൾ അഞ്ച് ലക്ഷം സഹായധനമായി നൽകുക എന്നീ ആവശ്യങ്ങളും നിവേദനത്തിൽ ഉന്നയിച്ചു.

സ്കൂൾ പാചക തൊഴിലാളി സംഘടന സംസ്ഥാന പ്രസിഡന്റ് എസ്. ശകുന്തള, ജനറൽ സെക്രട്ടറി ജി. ഷാനവാസ്, ഒ. പദ്മനാഭൻ, കെ. എസ്. ജോഷി, എൻ. പി. സുമതി, പി. എം. ശംസുദ്ദീൻ, റോസി റപ്പായി എന്നിവരടങ്ങുന്ന നിവേദക സംഘമാണ് പ്രധാനമന്ത്രിയേയും വിദ്യാഭ്യാസമന്ത്രിയേയും കണ്ട് നിവേദനം സമർപ്പിച്ചത്.



## ബംഗാൾ ഉൾക്കടലിലെ ന്യൂനമർദം ശക്തി പ്രാപിച്ചു

തിരുവനന്തപുരം: ബംഗാൾ ഉൾക്കടലിലെ ന്യൂനമർദം ശക്തി പ്രാപിച്ചു. ഇന്ന് ഇത് 'മോക്ക' ചുഴലിക്കാറ്റായി മാറുമെന്നാണ് കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ അറിയിപ്പ്. വടക്ക്-വടക്ക് പടിഞ്ഞാറൻ ദിശയിൽ സഞ്ചരിക്കുന്ന മോക്ക ചുഴലിക്കാറ്റ് മധ്യകിഴക്കൻ ബംഗാൾ ഉൾക്കടൽ കടന്ന് ബംഗ്ലാദേശ്-മ്യാന്മാർ തീരത്തേക്ക് നീങ്ങും.

കേരളത്തെ ചുഴലിക്കാറ്റ് നേരിട്ട് ബാധിക്കില്ലെങ്കിലും മഴയ്ക്ക് കാരണമാകും. ഒറ്റപെട്ടയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.

24 മണിക്കൂറിൽ 64.5 മില്ലി മീറ്ററിൽ മുതൽ 115.5 മില്ലി മീറ്റർ വരെ മഴ ലഭിക്കാനാണ് സാധ്യത. കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണമെന്നും നിർദേശമുണ്ട്.



# മുംബൈക്ക് 'വിജയ സൂര്യ'ൻ

## ആർ.സി.ബിയെ ആറ് വിക്കറ്റിന് തോൽപ്പിച്ചു, സൂര്യകുമാർ യാദവ് പ്ലെയർ ഓഫ് ദ മാച്ച്



മുംബൈ: ആർ.സി.ബിയെ തരിപ്പണമാക്കി പോയിന്റ് ടേബിളിൽ മൂന്നാമതെത്തി മുംബൈ ഇന്ത്യൻസ്. 200 റൺസ് വിജയ ലക്ഷ്യം പിന്തുടർന്ന മുംബൈ 16.3 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. 35 പന്തിൽ 83 റൺസ് നേടിയ സൂര്യകുമാർ യാദവിന്റെ ബാറ്റിങ്ങ് മികവിലാണ് മുംബൈ അനായാസം ജയിച്ചു യറിയത്. ടോസ് നേടിയ ബുംബൈ ബാംഗ്ലൂരിനെ ബാറ്റിങ്ങിനയക്കുകയായിരുന്നു. ഒരു റൺസുമായി വിരാട് കോലിയും 16 റൺസുമായി അനുജ് റാവത്തും നേരത്തെ മടങ്ങിയെങ്കിലും ക്രീസിൽ ഒത്തുചേർന്ന ഡുപ്ലെസി-മാക്സ്വെൽ സഖ്യം ആർ.സി.ബിക്ക് പുതു ജീവൻ നൽകി. മൂന്നാം വിക്കറ്റിൽ ഇരുവരും 120 റൺസ് കൂട്ടിച്ചേർത്തു. 33 പന്തിൽ 68 റൺസെടുത്ത മാക്സ്വെല്ലിനെ ബെഹ്റെൻഡ്രോഫും 41 പന്തിൽ 65 റൺസെടുത്ത് ഡുപ്ലെസിയെ കാമറൂൺഗ്രീനും മടക്കിയെങ്കിലും 18 പന്തിൽ 30 റൺസുമായി അവസാന ഓവറുകളിൽ ദിനേശ് കാർത്തിക് മിന്നൽ പ്രകടനം നടത്തി. 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിലാണ് ആർ.സി.ബി 199 റൺസാണ് നേടിയത്. മുംബൈക്ക് വേണ്ടി ജേസൻ ബെഹ്റെൻഡ്രോഫ് മൂന്ന് വിക്കറ്റുകൾ നേടി.

മറുപടി ബാറ്റിങ്ങിൽ പവർപ്ലേ ഓവറുകളിൽ ഇഷാൻ കിഷൻ ആർ.സി.ബി ബൗളർമാരെ കടന്നാക്രമിച്ചപ്പോൾ മുംബൈ സ്കോർ അഞ്ചോവറിൽ തന്നെ 50 കടന്നു. 21 പന്തിൽ നാല് വീതം ഫോറിന്റേയും സിക്സിന്റേയും അകമ്പടിയോടു കൂടി 42 റൺസ് നേടിയ കിഷനേയും എട്ട് പന്തിൽ ഏഴ് റൺസ് നേടിയ ക്യാപ്റ്റൻ രോഹിത് ശർമയേയും ഒരേ ഓവറിൽ പുറത്താക്കിയ ഹസരംഗ മുംബൈയെ സമ്മർദത്തിലാക്കി. എന്നാൽ തുടർന്ന് ക്രീസിലെത്തിയ സൂര്യകുമാർ യാദവും നെഹാൽ വധേരയും സമ്മർദത്തെ തച്ചുടച്ചു. ഇരുവരും ക്രീസിൽ നിലയുറപ്പിച്ച് കളിച്ചപ്പോൾ മുംബൈ സ്കോർ അതി വേഗത്തിൽ കുതിക്കാൻ തുടങ്ങി. തന്റെ സ്വതസിദ്ധമായ ശൈലിയിൽ കത്തികയറിയ സൂര്യകുമാർ യാദവ് ആർ.സി.ബി ബൗളർമാരുടെ പന്തുകളെ ഗ്രൗണ്ടിന്റെ തലങ്ങും വിലങ്ങും പായിച്ചു. 35 പന്തിൽ ഏഴ് ഫോറിന്റേയും ആറ് സിക്സിന്റേയും അകമ്പോടിയോടു കൂടി 83 റൺസുമായി സൂര്യകുമാർ മടങ്ങുമ്പോഴേക്കും മുംബൈ വിജത്തിനടുത്തെത്തിയിരുന്നു. തുടർന്ന് വന്നവർക്ക് ചടങ്ങ് തീർക്കൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. നെഹൽ വധേര പുറത്താകെ 52 റൺസ് നേടി. ആർ.സി.ബിക്കായി ഹസരംഗയും വൈശാഖ് വിജയകുമാറും രണ്ട് വിക്കറ്റുകൾ വീതം നേടി.

ആർ.സി.ബിക്കെതിരേ അർധ സെഞ്ചുറി നേടിയ സൂര്യകുമാർ യാദവ് കാണികളെ അഭിവാദ്യം ചെയ്യുന്നു

## ചാറ്റ് ജി.പി.ടിയെ ദുരുപയോഗം ചെയ്ത് വ്യാജവാർത്ത സൃഷ്ടിച്ചയാൾ ചൈനയിൽ അറസ്റ്റിൽ

ബെയ്ജിങ്: ചൈനയിൽ ചാറ്റ് ജി.പി.ടി ദുരുപയോഗപ്പെടുത്തി വ്യാജവാർത്ത സൃഷ്ടിച്ചയാൾ അറസ്റ്റിൽ. ചാറ്റ് ജി.പി.ടി ഉപയോഗിച്ച് ട്രെയിൻ അപകടം നടന്നതായി വ്യാജ വാർത്ത സൃഷ്ടിച്ച യുവാവിനെയാണ് ഗാൻസു പ്രവിശ്യയിലെ പോലിസ് അറസ്റ്റ് ചെയ്തത്. ഹോങ് എന്ന യുവാവാണ് ചാറ്റ് ജി.പി.ടി ദുരുപയോഗപ്പെടുത്തി ട്രെയിൻ അപകടമുണ്ടായതായി വ്യാജവാർത്ത സൃഷ്ടിച്ചത്. ട്രെയിൻ അപകടത്തിൽ ഒമ്പതു പേർ കൊല്ലപ്പെട്ടുവെന്നാണ് ബെയ്ജിയഹോ എന്ന ചൈനീസ് പ്ലാറ്റ് ഫോം വഴി 20 ഓളം അക്കൗണ്ടിലൂടെ പോസ്റ്റ് ചെയ്തത്. ഹോങിന്റെ ഉടമസ്ഥതയിലുള്ള കമ്പനിയിൽ നിന്നാണ് വാർത്ത പുറത്തു വന്നതെന്ന് കോങ്ടോങ് കൗണ്ടി സൈബർ സുരക്ഷാ ഉദ്യോഗസ്ഥർ കണ്ടെത്തുകയായിരുന്നു. അപ്പോഴേയ്ക്ക് 15000 ക്ലിക്കുകൾ വീണിരുന്നു. അറസ്റ്റിലായ ഹോങ് കുറ്റം സമ്മതിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ വന്ന വാർത്തകളിലെ വിവരങ്ങൾ ഉപയോഗിച്ച് ചാറ്റ് ജി.പി.ടി ദുരുപയോഗപ്പെടുത്തി ബെയ്ജിയഹോയുടെ ഡ്യൂപ്ലിക്കേഷൻ ചെക്ക് ഫങ്ഷൻ മറികടന്ന് വ്യാജവാർത്ത സൃഷ്ടിക്കുകയായിരുന്നുവെന്ന് ഇയാൾ പോലിസിനോട് പറഞ്ഞു. ചാറ്റ് ജി.പി.ടിയെ ദുരുപയോഗം ചെയ്തതിന്റെ പേരിൽ ചൈനയിൽ നടക്കുന്ന ആദ്യത്തെ അറസ്റ്റാണ് ഇയാളുടേത്.

## തമിഴ്നാട്ടിൽ മന്ത്രിസഭ പുനഃസംഘടിപ്പിച്ചു

ചെന്നൈ: തമിഴ്നാട്ടിൽ മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ മന്ത്രിസഭ പുനഃസംഘടിപ്പിച്ചു. 2021ൽ മുഖ്യമന്ത്രിയായി ചുമതലയേറ്റ ശേഷം ഇത് രണ്ടാം തവണയാണ് സ്റ്റാലിൻ മന്ത്രിസഭ പുനഃസംഘടിപ്പിക്കുന്നത്. ക്ഷീരവികസന മന്ത്രി എസ്. എം നാസറിനെ പുറത്താക്കി പകരം ടി.ബി.ആർ രാജയെ പുതുതായി മന്ത്രിസഭയിൽ ഉൾക്കൊള്ളിച്ചു. ഡി.എം.കെയിലെ മുതിർന്ന എം.എൽ.എയും ലോക്സഭ എം.പിയുമായ ടി. ആർ ബാലുവിന്റെ മകനാണ് മാന്നാർഗുഡി മണ്ഡലത്തിൽ എം.എൽ.എയായ ടി.ആർ.ബി. രാജ. രാജയെ മന്ത്രിസഭയിൽ ഉൾപ്പെടുത്താനുള്ള സ്റ്റാലിന്റെ നിർദേശം ഗവർണർ ആർ.എൻ രവി അംഗീകരിച്ചു. ഡി.എം.കെയുടെ ഐ.ടി വിഭാഗം മേധാവി കൂടിയാണ് രാജ. രാജ വ്യാഴാഴ്ച ക്ഷീരവികസനമന്ത്രിയായി ചുമതലയേൽക്കും.

## ഭാരത് ഗൗരവ് ടൂറിസ്റ്റ് ട്രെയിൻ 19ന്



കോഴിക്കോട്: ഇന്ത്യൻ റെയിൽവേയുടെ ഭാരത് ഗൗരവ് ടൂറിസ്റ്റ് ട്രെയിൻ ഗോൾഡൻ ട്രയാംഗിൾ വിനോദയാത്ര 19ന് കൊച്ചുവേളിയിൽ നിന്ന് ആരംഭിക്കും. ഹൈദരാബാദ്, ആഗ്ര, ഡൽഹി, ജയ്പൂർ, ഗോവ എന്നിവിടങ്ങൾ സന്ദർശിച്ച് 30ന് തിരിച്ചെത്തുമെന്ന് ഇന്ത്യൻ റെയിൽവേ കാറ്ററിങ് ആൻഡ് ടൂറിസം കോർപറേഷൻ (ഐ.ആർ. സി.ടി.സി) റീജിയനൽ മാനേജർ ശ്രീജിത് ബാപ്പുജി, റെയിൽവേ പി.ആർ.ഒ ബി.ദേവദാനം എന്നിവർ പറഞ്ഞു. മലബാറിൽ നിന്നുള്ള യാത്രക്കാർ പാലക്കാട് ജങ്ഷനിൽ നിന്ന കയറണം. 11 രാത്രിയും 12 പകലുമാണ് യാത്ര. നോൺ എ.സി ടിക്കറ്റിന് 22, 900 രൂപയും തേർഡ് എ.സി ടിക്കറ്റിന് 36,050 രൂപയുമാണ് നിരക്ക്. വാർത്താസമ്മേളനത്തിൽ റീജിയനൽ മാനേജർ ശ്രീജിത് ബാപ്പുജി, റെയിൽവേ പാലക്കാട് ഡിവിഷൻ പി.ആർ. ഒ ദേവദാനം, വിനോദ് നായർ, വിനുകുമാർ എന്നിവർ പങ്കെടുത്തു.



വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് നാദാപുരത്ത് സംഘടിപ്പിച്ച ബോധവൽക്കരണ ക്ലാസ് പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

## വസ്തുനികുതി പരിഷ്കരണം; ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

നാദാപുരം: സർക്കാരിന്റെ നിർദേശപ്രകാരം ഗ്രാമപഞ്ചായത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾ ,ഉദ്യോഗസ്ഥർ, വാർഡ് വികസന സമിതി കൺവീനർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവർക്കായി ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. ഏപ്രിൽ ഒന്നു മുതൽ യാതൊരു മാറ്റവും വരുത്താത്ത കെട്ടിടങ്ങൾക്ക് വസ്തു നികുതി 5% വർധിപ്പിച്ച് സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. നിലവിൽ കെട്ടിടങ്ങൾ പുതുക്കി പണിയുകയോ കൂട്ടിച്ചേർക്കുകയോ പരിഷ്കരിക്കുകയോ ചെയ്ത കെട്ടിട ഉടമസ്ഥർ ചട്ടം 17 പ്രകാരവും പുതുതായി കെട്ടിടം നിർമിച്ച നമ്പർ ലഭിക്കാത്ത അംഗീകൃത കെട്ടിട ഉടമകൾ ചട്ടം 24 പ്രകാരം മെയ് 15 നകം ഫോം , 9ബിയിൽ അപേക്ഷ നൽകേണ്ടതാണ്. ഫോറം സഞ്ചയ സോഫ്റ്റ്വെയറിൽ ലഭ്യമാക്കുന്ന മുറക്ക് നികുതിക്കാർക്ക് ലഭ്യമാക്കുന്നതാണ്. ബോധവൽക്കരണ ക്ലാസ് പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് അഖില മര്യാട്ട് അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സെക്രട്ടറി ടി.ഷാഹുൽഹമീദ് വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച ക്ലാസ് എടുത്തു. സ്ഥിരം സമിതി അധ്യക്ഷൻമാരായ സി.കെ നാസർ, എം.സി സുബൈർ, ജനീത ഫിർദൗസ്, വാർഡ് മെമ്പർ പി.പി ബാലകൃഷ്ണൻ, പഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ബിന്ദു ജോസഫ്, യു.എൽ സി.സി പ്രതിനിധി അഖിൽ, ടി.പി മനോജ് എന്നിവർ സംസാരിച്ചു.

## വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ബീച്ച് ആശുപത്രി സൂപ്രണ്ടിന് ബി.ജെ.പി നിവേദനം നൽകി

കോഴിക്കോട്: ജില്ലാ ജനറൽ ആശുപത്രി കേന്ദ്രീകരിച്ച് രോഗികളും കൂട്ടിരിപ്പുകാരും നേരിടുന്ന വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ബി.ജെ.പി ജില്ലാ ജനറൽ (ബീച്ച്) ആശുപത്രി സൂപ്രണ്ട് ഡോ. ആശാദേവിക്ക് നിവേദനം നൽകി .ആശുപത്രി കാന്റീൻ സൗകര്യം ലഭ്യമാക്കുക, അത്യാഹിത വിഭാഗത്തിലെ രോഗികളുടെ ലാബ് സാംപിൾ തൽസ്ഥലത്തു നിന്നും എടുക്കുക, കാർഡിയോളജി, നേത്ര ഒ.പിയിലെ കാത്തിരിപ്പ് കേന്ദ്രത്തിന്റെ വിപുലീകരണവും ശുചിമുറി സംവിധാനവും ഏർപ്പെടുത്തുക തുടങ്ങി വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ബി.ജെ. പി സംസ്ഥാന സമിതി അംഗം സതീഷ് പാറന്നൂർ, നടക്കാവ് മണ്ഡലം പ്രസിഡന്റ് കെ.ഷൈബു, സോഷ്യൽ മീഡിയ കൺവീനർ ടി. അർജ്ജുൻ എന്നിവരടങ്ങുന്ന ബി.ജെ.പി സംഘമാണ് നിവേദനം നൽകിയത്. ഡെപ്യൂട്ടി സൂപ്രണ്ട് ഡോ.സച്ചിൻ ബാബു, ലെയ്സൺ സെക്രട്ടറി അഗസ്റ്റിൻ, ഡോ. ശ്രീജിത്ത് എന്നിവരുമായി സംഘം ആശുപത്രി വികസന കാര്യങ്ങൾ ചർച്ച ചെയ്തു പ്രശ്നത്തിന് പരിഹാരം കണ്ടില്ലെങ്കിൽ ശക്തമായ സമര പരിപാടികൾക്ക് ബി.ജെ.പി നേതൃത്വം നൽകുമെന്ന് നേതാക്കൾ പറഞ്ഞു

## ഏഴ് വർഷത്തിനുള്ളിൽ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയത് 30 കുട്ടികളെ

# പ്രതി കുറ്റക്കാരനെന്ന് കോടതി

ന്യൂഡൽഹി: ഏഴ് വർഷത്തിനിടെ മുപ്പത് കുട്ടികളെ തട്ടിക്കൊണ്ടുപോയി ക്രൂരമായി ബലാത്സംഗം ചെയത് കൊലപ്പെടുത്തിയ യുവാവ് കുറ്റക്കാരനെന്ന് കോടതി. ഡൽഹിയിൽ ജോലിക്കെത്തിയ ഉത്തർപ്രദേശുകാരനായ രവീന്ദ്രനാഥ് എന്ന യുവാവാണ് കുട്ടികളോട് കാണിച്ച ക്രൂരതയിൽ കുറ്റക്കാരനെന്ന് കോടതി കണ്ടെത്തിയത്. 2008ൽ തന്റെ പതിനെട്ടാം വയസു മുതലാണ് ഇയാൾ കുട്ടികളെ തട്ടിക്കൊണ്ടു പോയി ക്രൂരപീഡനത്തിനിരയാക്കി കൊന്നുതള്ളുന്ന പതിവാരംഭിച്ചത്. ലഹരി വസ്തുക്കൾ ഉപയോഗിക്കുകയും അശ്ലീല വീഡിയോ കാണുകയും ചെയ്യുന്ന പതിവുണ്ടായിരുന്ന ഇയാൾ ലഹരി ഉപയോഗിച്ച് കിലോമീറ്ററുകൾ നടന്നാണ് ഇരകളായ കുട്ടികളെ കണ്ടെത്തിയിരുന്നത്. ഈ ശൈലി ഇയാൾ കണ്ടെത്തിയത് 18 വയസു മുതലാണെന്ന് പോലിസ് പറയുന്നു. 2015ൽ ആറു വയസുകാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചു കൊന്ന കേസിലാണ് ഇയാൾ അറസ്റ്റിലാകുന്നത്. ഈ കേസിൽ പിടിയിലായി ചോദ്യം ചെയ്യുമ്പോഴാണ് ഇതിന് മുൻപ ചെയ്ത കുറ്റകൃത്യങ്ങളുടെ വിവരം പോലിസിന് ലഭിക്കുന്നത്. 2008 ലാണ് ഉത്തർപ്രദേശിലെ കാസാഗഞ്ച് സ്വദേശിയായ ഇയാൾ അമ്മയോടൊപ്പം ജോലി തേടി ഡൽഹിയിലെത്തുന്നത്. ഡൽഹിയിൽ പ്ലംബറായി ജോലിനോക്കിയ ഇയാൾ ലഹരിക്ക് അടിമയാവുകയായിരുന്നു. ലഹരി ഉപയോഗിച്ച് അശ്ലീല വീഡിയോകൾ കാണുന്നത് ശീലമാക്കിയ രവീന്ദ്രകുമാർ പകൽ ജോലി ചെയ്ത് ലഹരി ഉപയോഗിച്ച് വീട്ടിലെത്തി രാത്രി എട്ടു മണി മുതൽ പന്ത്രണ്ട് മണി വരെ ഉറങ്ങും. അർധ രാത്രിയിൽ എഴുന്നേറ്റ് കിലോമീറ്ററോളം നടന്ന് തെരുവുകളിലും ചേരികളിലും നിർമാണ മേഖലകളിലും മറ്റും ഉറങ്ങുന്ന കുട്ടികളെ തേടിയിറങ്ങും. ഇത്തരത്തിൽ കണ്ടെത്തുന്ന കുട്ടികളെ പത്ത് രൂപയോ ചോക്ലേറ്റോ നൽകി പ്രലോഭിപ്പിച്ചാണ് തട്ടിക്കൊണ്ട് പോയിരുന്നത്. ഒരേ സ്ഥലത്ത് കുറ്റകൃത്യം ആവർത്തിക്കാതിരിക്കാൻ ചില ദിവസങ്ങളിൽ ഇയാൾ 40 കിലോമീറ്റർ വരെ നടന്നിരുന്നതായി പറയുന്നു. ആറ് മുതൽ 12 വയസ് വരെ പ്രായമുള്ള കുട്ടികളെയാണ് ഇയാൾ കൊലപ്പെടുത്തിയിട്ടുള്ളത്. ആറ് വയസുകാരിയെ പീഡിപ്പിച്ച ശേഷം സെപ്റ്റിക് ടാങ്കിൽ തള്ളുകയായിരുന്നു. ഈ അന്വേഷണത്തിലാണ് രവീന്ദ്ര കുമാർ പിടിയിലായത്. പ്രതിക്ക് പരമാവധി ശിക്ഷ നൽകണമെന്നാണ് വാദി ഭാഗം കോടതിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. അടുത്ത രണ്ട് ആഴ്ചയ്ക്കുള്ളിൽ ഇയാൾക്കുള്ള ശിക്ഷ കോടതി വിധിക്കും.



രവീന്ദ്രനാഥ്

# പോളണ്ട് മൂസ ഹാജിയും രമേശൻ പാലേരിയും എം. എസ് ഫൗണ്ടേഷൻ പുരസ്കാരം ഏറ്റുവാങ്ങി

മേപ്പയൂർ: എം.എസ് ഫൗണ്ടേഷൻ പുരസ്കാരം ഫ്രാഗ്റൻസ് വേൾഡ് ചെയർമാൻ പോളണ്ട് മൂസ ഹാജിയും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റി ചെയർമാൻ രമേശൻ പാലേരിയും ഏറ്റുവാങ്ങി. ഗാനരചയിതാവ് കൈതപ്രം ദാമോദരൻ നമ്പൂതിരിയും മുൻ മന്ത്രി വി. സി. കബീറുമാണ് പുരസ്കാരം സമ്മാനിച്ചത്. എം. എസ് അനുസ്മരണ പരിപാടി മലബാർ ദേവസ്വം ബോർഡ് ചെയർമാൻ എം. ആർ. മുരളി ഉദ്ഘാടനം ചെയ്തു. മേപ്പയൂർ പഞ്ചായത്ത് പ്രസിഡന്റ് കെ. ടി. രാജൻ അധ്യക്ഷത വഹിച്ചു. കെ. എൻ. എ. ഖാദർ മുഖ്യപ്രഭാഷണം നടത്തി. ഇ. അശോകൻ എം. എസ്. അനുസ്മരണ പ്രഭാഷണം നടത്തി. എം. എസ്. ഫൗണ്ടേഷൻ ജനറൽ കോ-ഓർഡിനേറ്ററും അഡീഷണൽ ഡി. എം. ഒയുമായ ഡോ. പീയൂഷ് നമ്പൂതിരിപ്പാട്, സ്വാഗതസംഘം ചെയർമാൻ അമ്പാടി കുഞ്ഞിക്കണ്ണൻ, എം. എസ്. ഫൗണ്ടേഷൻ ചെയർമാൻ ഡോ. കൃഷ്ണൻ നമ്പൂതിരി, ഡോ. പി. പി. പ്രമോദ് കുമാർ, സ്വാഗത സംഘം കൺവീനർ സി. കെ. ശ്രീധരൻ, ഉണ്ണികൃഷ്ണൻ എളപ്പില, ശിവപ്രസാദ് നമ്പൂതിരിപ്പാട്, മേപ്പയൂർ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷന്മാരായ ഭാസ്കരൻ കൊഴുക്കല്ലൂർ, സുനിൽ വടക്കയിൽ, പഞ്ചായത്ത് മെമ്പർ മിനി അശോകൻ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ ആശംസകൾ നേർന്നു. ആര്യാവസന്തി കലാറാണി, ഡോ. ദ്രൗപദി, ഡോ. മഞ്ജു, ഡോ. ഋഷികേശ് നമ്പൂതിരിപ്പാട് എന്നിവർ ചേർന്ന് ഭദ്രദീപം തെളിച്ചു. ഡോ. ശുഭയുടെ നൃത്തപരിപാടിയും താമരശ്ശേരി ഈശ്വര ഭട്ടതിരിപ്പാടിന്റെ തായമ്പകയും അരങ്ങേറി. മേപ്പയൂർ കൊഴുക്കല്ലൂരിലെ മകൻ ക്ഷേത്രോത്സവവും നടമക്കാട്ട് ഇല്ലത്ത് വേട്ടയ്ക്കൊരുന്നു.





എം.എസ് ഫൗണ്ടേഷൻ പുരസ്കാരം കൈതപ്രം ദാമോദരൻ നമ്പൂതിരിയിൽ നിന്ന് ഏറ്റുവാങ്ങുന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റി ചെയർമാൻ രമേശൻ പാലേരിയും ഫ്രാഗ്റൻസ് വേൾഡ് ചെയർമാൻ പോളണ്ട് മൂസ ഹാജിയും

## പാക് പിന്തുണയോടെ തീവ്രവാദ ഗൂഢാലോചന: വിവിധ സംസ്ഥാനങ്ങളിൽ എൻ.ഐ.എ റെയ്ഡ്

ന്യൂഡൽഹി: പാക് പിന്തുണയോടെയുള്ള തീവ്രവാദ ഗൂഢാലോചനയുമായി ബന്ധപ്പെട്ട് രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ എൻ.ഐ.എ റെയ്ഡ്. ജമ്മു കശ്മീരിൽ പതിനഞ്ചിടത്തും പി.എഫ്.ഐ കേസുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിൽ നാലിടത്തും ഉത്തർപ്രദേശിലുമാണ് റെയ്ഡ് നടക്കുന്നത്. ജമ്മുകശ്മീരിൽ ഷോപിയാനിൽ മൂന്നിടങ്ങളിലും അനന്ത്നാഗിൽ നാലിടങ്ങളിലും ബാരാമുള്ളയിലും രജൗരിയിലും ഒരിടത്തും ശ്രീനഗറിലും പൂഞ്ചിലും ബുദ്ഗാമിലും രണ്ടിടത്ത് വീതവുമാണ് പരിശോധന നടന്നത്. തമിഴ്നാട്ടിൽ ചെന്നൈ, മധുര, തേനി, തിരിച്ചിറപ്പള്ളിയടക്കം പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പി.എഫ്.ഐ നേതാക്കളുടെ വീടുകളിൽ പരിശോധന പുരോഗമിക്കുകയാണ്. മധുരയിലെ പി.എഫ്.ഐ മേഖലാ തലവൻ മുഹമ്മദ് കൈസറിനെ എൻ. ഐ.എ അറസ്റ്റ് ചെയ്തു. യു.പിയിൽ മറ്റൊരു പി.എഫ്.ഐ നേതാവിനേയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

## കർണാടക മുസ്ലീം സംവരണം റദ്ദാക്കിയതിനെ അനുകൂലിച്ച കേന്ദ്രമന്ത്രി അമിത് ഷായെ വിമർശിച്ച് സുപ്രീം കോടതി

ന്യൂഡൽഹി: കർണാടകയിൽ മുസ്ലീം സംവരണം റദ്ദാക്കിയതിനെ അനുകൂലിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ നടത്തിയ പ്രസംഗത്തെ വിമർശിച്ച് സുപ്രീം കോടതി. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയത്തിൽ ഇടപെട്ട് പൊതുപ്രവർത്തകർ നടത്തുന്ന പ്രസ്താവന ഉചിതമായ രീതിയല്ലെന്നും കോടതി നടപടികളുടെ പവിത്രത കാത്തു സൂക്ഷിക്കാൻ പൊതുപ്രവർത്തകർ ബാധ്യസ്ഥരാണെന്നും സുപ്രീം കോടതി പറഞ്ഞു. കേസ് ജൂലായ് 25ന് പരിഗണിക്കാനായി മാറ്റി. എന്തിനാണ് ഇത്തരം പ്രസ്താവനകൾ നടത്തുന്നതെന്ന് അമിത് ഷായുടെ പ്രസ്താവനയിൽ കോടതി ചോദിച്ചു. കർണാടകയിൽ നാലു ശതമാനം മുസ്ലിം സംവരണം നിർത്തലാക്കിയ സർക്കാർ തീരുമാനത്തിനുള്ള സ്റ്റേ അവസാനിക്കാനിരിക്കെയാണ് കേസ് വീണ്ടും സുപ്രീം കോടതിയുടെ പരിഗണനയിൽ വന്നത്. ഈ ഘട്ടത്തിലാണ് കർണാടകത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ അമിത് ഷാ ഈ വിവാദ വിഷയത്തിൽ നടത്തിയ പ്രസംഗം ഹർജിക്കാർ കോടതിയിൽ ഉന്നയിച്ചത്. ഈ ഘട്ടത്തിലായിരുന്നു കോടതിയുടെ വിമർശനം.

# മാഹിയിൽ ബസുകളെല്ലാം കട്ടപ്പുറത്ത്: ജനം പെരുവഴിയിൽ

**ചാലക്കര പുരുഷു**




മാഹി: സ്വകാര്യ ബസുകൾ സർവീസ് നടത്താത്ത മയ്യഴിയുടെ ഉൾനാടൻ പ്രദേശങ്ങളിൽ യാത്രാ ദുരിതം അതിരൂക്ഷം. മാഹിയിൽ സർവീസ് നടത്തി വരുന്ന പുതുച്ചേരി റോഡ് ട്രാൻസ്പോർട്ട് കോർപറേഷന്റെ നാല് ടൗൺ ബസുകളും 15 വർഷത്തെ കാലാവധി കഴിഞ്ഞതോടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാതെ ഓട്ടം നിർത്തേണ്ടി വന്നിരിക്കുകയാണ്. ഇപ്പോൾ ഏക ആശ്രയം സഹകരണ ട്രാൻസ്പോർട്ട് സൊസൈറ്റിയുടെ രണ്ട് ബസുകൾ മാത്രമാണ്. നേരത്തെ നാല് വീതം സഹകരണ ബസുകളും, സർക്കാർ ബസുകളും സർവീസ് നടത്തിയിരുന്ന സ്ഥാനത്ത് ഇപ്പോൾ രണ്ട് സഹകരണ ബസുകൾ മാത്രമാണ് ഓടുന്നത്.മാഹി റെയിൽവേ സ്റ്റേഷൻ മുതൽ മൂലക്കടവ് വരെയും തിരിച്ചുമായി ഏകദേശം 20 കിലോമീറ്റർ ദൂരത്തിൽ ചാലക്കര വഴിയും ഈസ്റ്റ് പള്ളൂർ സ്പിന്നിങ്ങ് മിൽ വഴിയുമായി രണ്ട് സ്വകാര്യ ബസുകൾ ഉൾപ്പെടെ 10 ഓളം ബസുകൾ സർവീസ് നടത്തിയ പ്രദേശത്താണ് ഇപ്പോൾ രണ്ടു ബസുകൾ മാത്രം ഓടുന്നത്. ചാലക്കര വഴിയും സ്പിന്നിങ്ങ് മിൽ വഴിയുമായി ഓടിയിരുന്ന രണ്ട് സ്വകാര്യ ബസുകൾ വർഷങ്ങളായി ഓട്ടം നിർത്തിയിരുന്നു. എന്നാൽ കൃത്യമായി സർവീസ് നടത്തിവന്നിരുന്ന സർക്കാർ സഹകരണ മേഖലയിലെ എട്ട് ബസുകളുടെ സർവീസ് താളം തെറ്റിയിട്ട് നാലു വർഷത്തോളമായി. കൊവിഡിനെ തുടർന്ന് പൊതുഗതാഗതത്തിലുണ്ടായ പോരായ്മകൾ പരിഹരിക്കാനോ, നിലവിലെ റൂട്ടുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താനോ, ആവശ്യമായ ജീവനക്കാരെ നിയമിക്കാനോ, പുതിയ ബസുകൾ അനുവദിക്കാനോ തയാറാവതെയുള്ള അധികൃതരുടെ മെല്ലെപോക്ക് നയമാണ് പൊതുഗതാഗതം ദുരിതത്തിലാവാൻ പ്രധാന കാരണം. മാഹിയിലെ ഭൂരിപക്ഷംവരുന്ന സാധാരണക്കാരായ ജനം മൂലക്കടവിൽ നിന്നും മാഹിയിലെത്താൻ ഏറെ ബുദ്ധിമുട്ടുകയാണ്. ദിവസം 20 രൂപക്ക് യാത്ര ചെയ്യേണ്ടവർ ഇന്ന് യാത്രക്കായി മറ്റുവഴികൾ തേടുമ്പോൾ, ഓട്ടോറിക്ഷക്കും മറ്റുമായി ദിനംപ്രതി 400 രൂപയോളം മാറ്റിവയ്ക്കേണ്ട ദുരവസ്ഥയാണ്. നിലവിൽ ഓടുന്ന രണ്ടു ബസുകളും ചാലക്കര വഴിമാത്രമാണ്. സ്പിന്നിങ്ങ് മിൽ വഴിയുള്ള യാത്രാക്ലേശം അതിരൂക്ഷമാണ്. എന്നാൽ കൃത്യമായി സർവീസ് നടത്തിവന്നിരുന്ന സർക്കാർ സഹകരണ മേഖലയിലെ എട്ടോളം ബസുകളുടെ സർവീസ് താളം തെറ്റിയിട്ട് നാലു വർഷത്തോളമായി. കൊവിഡിനെ തുടർന്ന് പൊതുഗതാഗതത്തിലുണ്ടായ പോരായ്മകൾ പരിഹരിക്കാനോ, നിലവിലെ റൂട്ടുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താനോ, ആവശ്യമായ ജീവനക്കാരെ നിയമിക്കാനോ, പുതിയ ബസുകൾ അനുവദിക്കാനോ തയ്യാറാവതെയുള്ള അധികൃതരുടെ മെല്ലേ പോക്ക് നയമാണ് പൊതുഗതാഗതം ദുരിതത്തിലാവാൻ പ്രധാന കാരണം. സ്പിന്നിങ്ങ് മിൽ വഴിയുള്ള യാത്രാക്ലേശം വർധിച്ചിരിക്കുകയാണ്. 35 ഓളം സ്കൂളുകളും പൊളിടെക്കനിക്ക്, ഐ.ടി.ഐ, ആയുർവേദ മെഡിക്കൽ കോളജ്, ദന്തൽ കോളജ് ഉൾപ്പെടെയുള്ള ഏഴോളം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്ന മാഹിയിൽ ജൂൺ മാസം വിദ്യാലയങ്ങൾ കൂടി തുറന്നാൽ പിഞ്ചു കുട്ടികളുടെ യാത്ര പോലും വൻ ദുരന്തമായി മാറും. ലാഭനഷ്ടം നോക്കി പൊതുഗതാഗതം നിർത്തലാക്കുന്ന സർക്കാർ നിലപാട് അപലപനീയമാണ്. മാഹിയിൽ നിന്ന് പുതുച്ചേരിയിലേക്കും തിരിച്ചും നിത്യേന സർവീസ് നടത്തുന്ന ദീർഘദൂര ബസുകളുടെ അവസ്ഥയും ഏറെ ദയനീയമാണ്. ഇതിനായി പുതിയ രണ്ടു ബസുകൾ അനുവദിക്കുമെന്ന സ്ഥിരം പല്ലവി തുടങ്ങിയിട്ട് വർഷങ്ങളായെങ്കിലും ഒരു പരിഹാരവുമായില്ല. മാഹിയിൽ നിന്നും ഗുരുവായൂർ, മൂകാംബിക, കാരയ്ക്കാൽ, ബാംഗ്ലൂർ തുടങ്ങിയ പ്രധാന സ്ഥലങ്ങളിലേക്ക് പുതുച്ചേരി ട്രാൻസ്പോർട്ട് കോർപറേഷന് റൂട്ടുകൾ ഉണ്ടെങ്കിലും, സർവീസ് നടത്താൻ തയ്യാറാവാതെ അധികൃതർ ഇരുട്ടിൽ തപ്പുകയാണ്. തീരെ കണ്ടീഷൻ കുറഞ്ഞ ദീർഘദൂര ബസുകളിൽ ജീവൻ പണയം വച്ചാണ് യാത്രക്കാർ പുതുച്ചേരിക്കും. തിരിച്ചും സർവീസ് നടത്തുന്നത്. ദീർഘദൂര ബസുകളുടെ അവസ്ഥ തീർത്തും ദയനീയമാണ്. ഇതിനായി പുതിയ രണ്ടു ബസുകൾ അനുവദിക്കുമെന്ന സ്ഥിരം പല്ലവി തുടങ്ങിയിട്ട് വർഷങ്ങളായെങ്കിലും ഒരു പരിഹാരവുമായില്ല.



ചെറൂട്ടി റോഡിലെ ഗാന്ധി പാർക്കിലെ മാമ്പഴ പ്രദർശന മേളയിൽ നിന്ന്

## മാമ്പഴ മേളക്ക് ഇന്ന് സമാപനം

കോഴിക്കോട്: ഒട്ടും മായം കലരാത്തതും പാലക്കാടൻ കർഷകർ ഉൽപ്പാദിപ്പിക്കുന്നതുമായ വ്യത്യസ്ത ഇനം മാമ്പഴങ്ങളൊരുക്കി കാലിക്കറ്റ് അഗ്രിഹോർട്ടി കൾച്ചറൽ സൊസൈറ്റി സംഘടിപ്പിക്കുന്ന മാമ്പഴ പ്രദർശനം ഒരു ദിനം കൂടി. ചെറൂട്ടി റോഡിലെ ഗാന്ധി പാർക്കിലാണ് മാമ്പഴ മേള ഒരുക്കിയിട്ടുള്ളത്.

മുതലമടയിലെ കർഷകരിൽനിന്ന് മുതലമട അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റി ശേഖരിച്ച് കൊണ്ടുവന്നതും നമ്മുടെ സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിലുള്ള തളിപറമ്പ് ജില്ലാ കൃഷി ഫാമിൽനിന്ന് ശാസ്ത്രീയ പരീക്ഷണ ഫലമായി ഉൽപ്പാദിപ്പിച്ച മാമ്പഴങ്ങളും മേളയിലുണ്ട്. മെയ് അഞ്ചിന് ആരംഭിച്ച മേള ഇതിനകം ജനശ്രദ്ധ നേടിക്കഴിഞ്ഞു. മിതമായ വിലയിൽ ശുദ്ധമായ വ്യത്യസ്ത ഇനം മാമ്പഴം ലഭിക്കുന്നു എന്നതും മാങ്ങ കൊണ്ടുള്ള അച്ചാറുകൾ ജ്യൂസ്, തളിപ്പറമ്പ് സർക്കാർ തോട്ടത്തിൽ ഉൽപ്പാദിപ്പിച്ച 100 ശതമാനം അങ്കുരണശേഷിയുള്ള പച്ചക്കറി വിത്തുകൾ മാവിൻ തൈകൾ എന്നിവയും ഇവിടെ നിന്ന് ലഭിക്കും. പഴുത്തതും പഴുക്കാൻ പാകത്തിലുള്ളതുമായ മാങ്ങകൾ ലഭ്യമാവും. പഴുക്കാൻ പാകമായ മാങ്ങകൾ 2,3 ദിവസം വീട്ടിൽ സൂക്ഷിച്ചാൽ നന്നായി പഴുത്ത് വരും. പ്രദർശന നഗരിയിൽ കഴിഞ്ഞ ദിവസമാണ് പെടാടി പറത്തിയ മാമ്പഴതീറ്റ മത്സരങ്ങൾ നടന്നത്. ഈ വർഷത്തെ പ്രത്യേകത ധാരാളം സ്ത്രീകൾ പങ്കെടുത്ത വിവിധ മാമ്പഴ വിഭവങ്ങൾ തയ്യാറാക്കുന്ന മത്സരങ്ങളും വാശിയോടെ നടന്നു. മത്സരത്തിൽ വിജയികളായവർക്ക് സമ്മാനവും നൽകി. നിരവധി വർഷങ്ങളായി ചെറൂട്ടി റോഡിലെ ഗാന്ധിപാർക്കിൽ സൊസൈറ്റി നടത്തുന്ന ഈ മാമ്പഴ മേളക്ക് വലിയ സ്വീകാര്യതയാണ് ലഭിക്കുന്നത്. മേള ഇന്ന് സമാപിക്കും.

# ദൗത്യങ്ങളേറ്റെടുക്കൽ ജീവിത ലക്ഷ്യം: പോളണ്ട് മൂസ ഹാജി




എം.എസ് ഫൗണ്ടേഷൻ പുരസ്കാരം ഏറ്റുവാങ്ങി സംസാരിക്കുന്ന പോളണ്ട് മൂസ ഹാജി

മേപ്പയൂർ: എല്ലാം ദൈവത്തിൽ അർപ്പിച്ച് ടാസ്ക് ഏറ്റെടുക്കലാണ് തന്റെ ജീവിതലക്ഷ്യമെന്ന് പ്രമുഖ പ്രവാസി വ്യവസായിയും ആഗോള ബ്രാൻഡായ ഫ്രാഗ്രൻസ് വേൾഡ് ചെയർമാനുമായ പോളണ്ട് മൂസ ഹാജി പറഞ്ഞു. എം. എസ് ഫൗണ്ടേഷൻ പുരസ്കാരം ഏറ്റുവാങ്ങി സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രാഥമിക വിദ്യാഭ്യാസം മാത്രം നേടിയ താൻ ഫ്രാഗ്രൻസ് വേൾഡ് കെട്ടിപ്പടുത്തത് ഈ മനോഭാവത്തോടെയാണ്. പ്രവാസജീവിതത്തിന്റെ തുടക്കത്തിൽ അറബിയുടെ വീട്ടിൽ ജോലിക്കാരനായി ചേരുകയും ആ അറബിയുടെ വീട്ടിൽ നിന്നാണ് താൻ ഇന്ന് കാണുന്ന പോളണ്ട് മൂസ ഹാജിയായതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വന്ന വഴികൾ മറന്നു പോകുന്ന ഇക്കാലത്ത് തന്റെ വഴിത്താരകൾ തുറന്ന് പറയുന്നതിൽ യാതൊരു മടിയുമില്ല.

അക്കാലത്താണ് ഇംഗ്ലീഷ് കുക്കിനെ വേണമെന്ന പരസ്യം കാണുന്നത്. ഇംഗ്ലീഷ് കുക്ക് എന്താണെന്നോ, ഇംഗ്ലീഷ് വേണ്ടതുപോലെ അറിയാത്ത കാലത്ത് ഞാൻ ഇന്റർവ്യൂവിന് ഹാജരായി. എനിക്ക് സെലക്ഷനു വേണ്ടി ആദ്യദിനത്തിൽ കണ്ട മെനുകാർഡിനെ നോക്കി പേടിക്കാതെ ആ മെനുവിലുള്ള ഭക്ഷണം ഉണ്ടാക്കിയെടുക്കാൻ പഠിച്ചെടുത്തു. ജീവിതത്തെ ധൈര്യമായി നേരിട്ടത് കൊണ്ട് മൂന്ന് മാസക്കാലം ഞാനവിടെ ജോലി ചെയ്തു. മൂന്നാം ക്ലാസ് പഠനകാലത്ത് 9-ാം വയസ്സിൽ മൈസൂരിലേക്ക് നാടുവിട്ട ഞാൻ കഠിനാധ്വാനവും സത്യസന്ധതയും മുറുകെ പിടിക്കുകയും ഏൽപ്പിക്കുന്ന ജോലി കൃത്യമായി ചെയ്യുകയും ചെയതു. 1977-ലെ പ്രവാസത്തിന്റെ തുടക്കകാലത്ത് 24 മണിക്കൂറിൽ 21 മണിക്കൂർ ജോലി ചെയ്തിട്ടുണ്ട്. ഇന്ന് ആയിരത്തോളം പേർ ഫ്രാഗ്രൻസ് വേൾഡിൽ ജോലി ചെയ്യുന്നുണ്ട്. 92 രാജ്യങ്ങളിൽ കമ്പനിയുടെ ഉൽപ്പന്നങ്ങൾ മാർക്കറ്റിലുണ്ട്. 82 രാജ്യങ്ങൾ ഇതിന്റെ ഭാഗമായി സന്ദർശിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ മേപ്പയൂർ പഞ്ചായത്ത് പ്രസിഡന്റ് കെ.ടി. രാജൻ അധ്യക്ഷത വഹിച്ചു.

# കളഞ്ഞ് കിട്ടിയ പഴ്സ് ഉടമസ്ഥന് തിരിച്ചുനൽകി ഓട്ടോ ഡ്രൈവർ മാതൃകയായി



ഓട്ടോ ഡ്രൈവർ സഞ്ജു കളഞ്ഞുകിട്ടിയ പഴ്സ് ഉടമയായ അഭിഷേകിന് കൈമാറുന്നു

കോഴിക്കോട്: വഴിയരികിൽ നിന്നും കളഞ്ഞ് കിട്ടിയ തുകയും വിലപിടിച്ച രേഖകളും എ.ടി.എം കാർഡ് അടങ്ങുന്ന പഴ്സ് ഉടമസ്ഥന് തിരിച്ച് നൽകി ഓട്ടോ ഡ്രൈവർ മാതൃകയായി. അത്താണി ജംഗ്ഷനിലെ ഇലക്ട്രിക് ഓട്ടോറിക്ഷ ഡ്രൈവർ കൊങ്ങന്നൂർ സ്വദേശി പുളിശ്ശേരി കണ്ടി മീത്തൽ സഞ്ജുവിനാണ് ഞായറാഴ്ച രാത്രി എട്ട് മണിയോടെ വെറ്റിലപാറ ബസ് സ്റ്റോപ്പിന് സമീപത്ത് നിന്ന് പഴ്സ് കിട്ടിയത്. വിലാസമൊന്നും അതിൽ ഉണ്ടായിരുന്നില്ല. എ.ടി.എം കാർഡിലെ ലഭ്യമായ വിവരങ്ങൾ സഹിതം വാട്സ്ആപ്പിൽ വിവരങ്ങൾ കൈമാറി. തുടർന്ന് തിങ്കളാഴ്ച ഉച്ചയോടെ ഉടമസ്ഥനെ കണ്ടെത്തി. വെറ്റിലപാറ ആയിരകണ്ടി അഭിഷേകിന്റേതായിരുന്നു 6000 രൂപയും എ.ടി.എം കാർഡുമെന്ന് തിരിച്ചറിഞ്ഞു. വിവരം അത്തോളി പോലിസിനെ അറിയിച്ചു. തുടർന്ന് സുഹൃത്തുക്കളായ ഓട്ടോ ഡ്രൈവർമാരുടെ സാന്നിധ്യത്തിൽ സഞ്ജു പഴ്സ് കൈമാറി. സഞ്ജുവിന്റെ സത്യസന്ധതയിൽ പോലിസും മറ്റ് ഓട്ടോ ഡ്രൈവർമാരും അഭിനന്ദിച്ചു.

## കായിക ക്ഷമത വർധിപ്പിക്കാൻ നീന്തൽ പരിശീലനം അനിവാര്യം: ഒ. രാജഗോപാൽ

കോഴിക്കോട്: കായിക ക്ഷമത വർധിപ്പിക്കാൻ നീന്തൽ പരിശീലനം അനിവാര്യമെന്ന് സ്പോർട്സ് കൗൺസിൽ ജില്ലാ പ്രസിഡന്റ് ഒ. രാജഗോപാൽ. സംസ്ഥാനത്തെ രണ്ടാമത്തേയും മലബാറിലെ ആദ്യത്തേയും നീന്തൽ പരിശീലനം കേന്ദ്രമായ ചെറൂട്ടി മെമ്മോറിയൽ സ്വിമ്മിംഗ് പൂളിന്റെ 38ാം വാർഷികാഘോഷം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കോഴിക്കോട് ബീച്ചിൽ രാജ്യാന്തര നീന്തൽ പരിശീലനം നിർമിക്കാൻ ശ്രമിച്ചെങ്കിലും ഒരു വ്യക്തി അനാവശ്യ പരാമർശം നടത്തി കോടതിയെ തെറ്റിധരിപ്പിച്ചതിനാലാണ് നടപ്പിലാക്കാതെ പോയതെന്ന് രാജഗോപാൽ കൂട്ടിച്ചേർത്തു. ട്രസ്റ്റ് ചെയർമാൻ എൻ.എം സലീം അധ്യക്ഷത വഹിച്ചു. ഡി.ഡി.സി മുൻ പ്രസിഡന്റ് കെ.സി അബു, കൺവീനർ പി.വി രാമചന്ദ്രൻ, എം. അബ്ദുൽ മജീദ്, സിറാജ് കപ്പാസി, അദീപ് സലീം, പി. ആലിക്കോയ തുടങ്ങിയവർ പ്രസംഗിച്ചു. നീന്തൽ മത്സരത്തിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. തുടർന്ന് പ്രശസ്ത മജീഷ്യൻ ദയാനിധിയുടെ മാജിക്ക് പ്രകടനവും കലാപരിപാടികളും നടന്നു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.